പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3207 15/02/2013 ൽ മറുപടിക്ക്

## സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>" പി. എ. മാധവൻ<br>" ഹൈബി ഈഡൻ<br>" ഷാഫി പറമ്പിൽ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുക ; | (എ) അന്താരാഷ്ട്ര നിലവാരത്തിൽ നഗര റോഡുകൾ വികസിപ്പിക്കുകയാണ് സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റിന്റെ പ്രധാന ലക്ഷ്യം. നഗരത്തിൽ മെച്ചപ്പെട്ട ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കുക, കാൽ നടയാത്രക്കാർക്കും വാഹന യാത്രികർക്കും സുഗമമായും സുരക്ഷിതമായും സഞ്ചരിക്കുവാനുള്ള സൗകര്യം ഒരുക്കുക, റോഡുകളുടെ വശങ്ങളിൽ ഓടകളും ഡക്ടുകളും നിർമ്മിക്കുക, ജംഗ്ഷനുകൾ നവീകരിക്കുക, ആധുനിക രീതിയിലുള്ള സിഗ്നൽ ലൈറ്റുകളും തെരുവ് വിളക്കുകളും സ്ഥാപിക്കുക, ബസ് ബേകൾ നിർമ്മിക്കുക, നഗരത്തിന്റെ മുഖച്ഛായ തന്നെ മാറ്റുക തുടങ്ങിയവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) സംസ്ഥാനത്ത് ഇത് എവിടെയൊക്കെ നടപ്പിലാക്കിവരുന്നുണ്ട്; വിശദമാക്കാമോ ; | (ബി) സംസ്ഥാനത്ത് തിരുവനന്തപുരത്താണ് നഗര റോഡു വികസന പദ്ധതി ആദ്യമായി നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തിയായിവരുന്നു. |

| | |
|---|---|
| (സി) ഇതേ മാതൃകയിൽ സംസ്ഥാനത്തെ മറ്റ് നഗരങ്ങളിൽ റോഡ് പണികൾ & നടത്തുവാൻ പദ്ധതികൾ തയ്യാറാക്കുമോ ; വിശദമാക്കുമോ ; | (സി) കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് പൂർത്തിയായിവരുന്നു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്. കൊച്ചി നഗര റോഡു വികസന പദ്ധതിക്ക് ആവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഇതു കൂടാതെ കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽകൂടി നഗര റോഡു വികസന പദ്ധതികൾ നടപ്പാക്കുന്നതിന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) |

സെക്ഷൻ ഓഫീസർ